സർക്കാർ ഭൂമി പതിച്ചുനൽകുന്നതിനുള്ള ചട്ടങ്ങൾ, ലക്ഷംവീട് കോളനിയിലെ താമസക്കാർക്ക് പട്ടയങ്ങൾ നൽകുന്ന പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് പട്ടയം നൽകുന്ന പദ്ധതി, എന്നിവ പ്രകാരം 64081 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(സി) 1.1.1977-ന് മുൻപായി വനഭൂമി കൈയേറി താമസിക്കുന്നവർക്ക് കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിയോടുകൂടി 28588.159 ഹെക്ടർ സ്ഥലം കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലായി പതിച്ചുനൽകാൻ നടപടി തുടർന്നുവരുന്നു. മറ്റ് ജില്ലകളിലുള്ള 1.1.1977-ന് മുൻപുള്ള കൈയേറ്റങ്ങൾ ക്രമവൽക്കരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുണ്ട്. 1.1.1977 ന് ശേഷമുള്ള കയ്യേറ്റങ്ങൾ ക്രമവൽക്കരിക്കാൻ വ്യവസ്ഥയില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്കായി സംസ്ഥാനത്ത് 230 ഹെക്ടർ മിച്ചഭൂമി നീക്കിവച്ചിട്ടുണ്ട്.

24 (*144) പാർവ്വതീപുത്തനാർ ശുചീകരിക്കുവാൻ കേന്ദ്രഗവണ്മെന്റ് സഹായം

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പാർവ്വതീപുത്തനാർ ശുചീകരിക്കുവാൻ കേന്ദ്ര ഗവണ്മെന്റ് എന്തെങ്കിലും സാമ്പത്തികസഹായം നല്കിയിരുന്നുവോ; എങ്കിൽ എന്തു തുക നൽകി;

(ബി) ഇതനുസരിച്ച് എന്തെല്ലാം ശുചീകരണപ്രവർത്തനങ്ങൾ നടത്തിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുവരെ നടത്തിയ ശുചീകരണപ്രവർത്തനങ്ങൾക്ക് എന്ത് ചെലവു വന്നു;

(ഡി) ഇപ്പോൾ പാർവ്വതീപുത്തനാർ ശുചീകരിക്കപ്പെട്ട നിലയിലാണോ എന്ന് വിശദീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) പാർവ്വതീപുത്തനാർ ശുചീകരണത്തിന് കേന്ദ്ര ഗവണ്മെന്റിൽ നിന്നും സാമ്പത്തിക സഹായം ഒന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) പാർവ്വതീ പുത്തനാർ ശുചീകരണത്തിന് തിരുവനന്തപുരം നഗരസഭ ഇതുവരെ 1,58,175 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പാർവ്വതീപുത്തനാർ ഇപ്പോൾ ശുചീകരിക്കപ്പെട്ട നിലയിൽ അല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly